കേരള സർക്കാർ

സംഗ്രഹം

ലൈബ്രറീസ് ആക്ട് അനുസരിച്ച് തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും മൂന്നാം ക്ലാസ്സോ രണ്ടാം ക്ലാസ്സോ ഉദ്യോഗസ്ഥരെ റിട്ടേണിംഗ് ഓഫീസർമാരായി നിയോഗിക്കുന്നതിന് അനുവാദം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

-------------------------------------------------------------------------------

പൊതുഭരണ(പലവക) വകുപ്പ്

സ.ഇ (ആർ റ്റി) 1596/93/ പൊ.ഭ വ. തീയതി തിരുവനന്തപുരം 7/2/93

------------------------------------------------------------

പരാമർശം: 23/1/93 ൽ കേരള ഗ്രന്ഥശാലാസം ഫുൾടൈം
ടമംപർ കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ
ഇ1/0142/93 നംബർ കത്ത്.

********

**ഉത്തരവ്**

--------

മേൽ പരാമർശിച്ച കത്തിൽ പുതിയ കേരള പബ്ളിക് ലൈബ്രറീസ് ആക്ടനുസരിച്ചുള്ള തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ എല്ലാ വകുപ്പിലെയും മൂന്നാം ക്ലാസ്സിൽ കുറയാതെ സർക്കാർ ഉദ്യോഗസ്ഥൻമാരെ റിട്ടേണിംഗ് ഓഫീസർമാരായി നിയോഗിക്കുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കേരള പബ്ളിക് ലൈബ്രറീസ് ചട്ടം 16െ(4) അനുസരിച്ച് ഗ്രന്ഥശാലാസംഘം തിരഞ്ഞെടുപ്പിന് മൂന്നാം ക്ളാസ്സ് ഉദ്യോഗസ്ഥൻമാർക്ക് താഴെ അല്ലാതെ സർക്കാർ ഉദ്യോഗസ്ഥൻമാരെ റിട്ടേണിംഗ് ആഫീസർമാരായി നിയമിക്കുന്നതാണ്. ഇത്തരം അയ്യായിരത്തോളം റിട്ടേണഇംഗ് ആഫീസർമാരെ നിയമിക്കേണ്ടതുള്ളതിനാൽ കേരള ഗ്രന്ഥശാലസംഘം കൺട്രോൾബോർഡ്
ഫുൾടൈം മെംപറുടെ ആവശ്യാനുസരണം മൂന്നാം ക്ളാസ്സോ രണ്ടാം ക്ലാസ്സോ ഉദ്യേഗസ്ഥൻമൈരുടെ സേവനം കേരള പബ്ളിക് ലൈബ്രറീസ് ആക്ടനുസരിച്ചുള്ള തിരഞ്ഞെടുപ്പാശ്യത്തിന് വിട്ടുകൊടുക്കുവാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവായിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പാലാട്ട് മോഹൻദാസ്
സെക്രട്ടറി.

ഇടോസ് നംബർ 9545/93, തീയതി 10/3/1993

-------------------------------------

പകർപ്പ് എല്ലാ കൺസർവേറ്ററ്മാർക്കും ചഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അറിവിനായി അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.